LIBRARY ARCHIVES Kerala Legislative Assembly

മഹാരാജാസ് കോളേജ് ഗ്രൗണ്ടിന്റെ വികസനം

132 [1965] *പ്രൊഫ. കെ. വി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് വികസനത്തിനായി എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ എന്തൊക്കെ പരിപാടികൾക്കാണ് രൂപം നൽകിയിട്ടുള്ളത്;

(ബി) സമയബന്ധിതമായി ഈ പരിപാടി പൂർത്തീകരിക്കുന്നതിന് നടപടി എടുക്കുമോ?

ഉത്തരം

(എ) എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ 8 ലൈൻ ട്രാക്ക് സിന്തറ്റിക് ആക്കുന്നതിന് വേണ്ടി അനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സിവിൽ വർക്കും ഇതിൽ ഉൾപ്പെടുന്നു.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

എടത്തനാട്ടുകര ഗവ. എച്ച്. എസ്സിൽ സ്റ്റേഡിയം നിർമ്മാണം

133 [1966] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിലെ എടത്തനാട്ടുകര ഗവൺമെന്റ് എച്ച്. എസ്സിൽ സ്റ്റേഡിയം നിർമ്മിക്കാൻ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സ്കൂളിൽ ഒരു സ്റ്റേഡിയം നിർമ്മിക്കാൻ വേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) കായിക യുവജനകാര്യ വകുപ്പിൽ ലഭിച്ച അപേക്ഷ, മതിയായ രേഖകൾ ഇല്ലാത്തതിനാൽ വകുപ്പിൽ നിന്നും സർക്കാരിലേക്ക് ശുപാർശ ചെയ്തു അയച്ചിരുന്നില്ല.

(ബി) 2005-2006 വർഷത്തെ കളിസ്ഥല വികസനത്തിനുള്ള അപേക്ഷ ഇപ്പോൾ ക്ഷണിച്ചിട്ടുണ്ട്. എടത്തനാട്ടുകര ഗവ. എച്ച്. എസ്സ്. മതിയായ രേഖകളോടുകൂടി അപേക്ഷിക്കുകയാണെങ്കിൽ കായിക യുവജനകാര്യ വകുപ്പിൽ നിന്നും ധനസഹായം നൽകുന്നതിന് പരിഗണിക്കുന്നതാണ്. കൂടാതെ, കളിസ്ഥലം നിർമ്മിക്കുന്നതിനും, പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി സ്കൂളുകൾക്ക് ധനസഹായം നൽകുന്ന ഒരു പദ്ധതി സ്പോർട്സ് കൗൺസിലിൽ നിലവിലുണ്ട്. അപേക്ഷ നൽകുകയാണെങ്കിൽ പരിഗണിക്കാവുന്നതാണ്.

മഞ്ചേശ്വരത്ത് കബഡി അക്കാഡമി

134 [1967] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരത്ത് ഒരു കബഡി അക്കാഡമി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

ആധാരത്തിൽ വില കുറച്ച് കാണിക്കുന്നവർക്കെതിരെയുള്ള നടപടി

135 [1968] *ശ്രീ. ടി. എം. ജേക്കബ്:*

,, *ഷിബു ബേബി ജോൺ:*

,, *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരത്തിൽ വസ്തുവിന്റെ വില കുറച്ച് കാണിച്ചുവെന്ന് ആരോപിച്ചു കൊണ്ട്, രജിസ്ട്രേഷൻ നടത്തുന്നവരെ അധികൃതർ പീഡിപ്പിക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly